LIBRARY ARCHIVES Kerala Legislative Assembly

ഭൂമി കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ നടപടി

104 [1312] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നദികളിലും കായലുകളിലും മറ്റ് ജലസ്രോതസ്സുകളിലും നടത്തിയിട്ടുള്ള ഭൂമി കയ്യേറ്റങ്ങൾ എത്രയാണെന്നും ഇത്തരം കയ്യേറ്റങ്ങളിലൂടെ എത്ര ഹെക്ടർ ഭൂമി കയ്യേറിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) ഇത്തരം കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ശുദ്ധജലതടാകങ്ങളായ വെള്ളായണി കായൽ, ശാസ്താംകോട്ട കായൽ, വയനാട്ടിലെ പൂക്കോട് തടാകം എന്നിവയുടെ വിസ്തൃതി റവന്യൂ കണക്കുകൾ അനുസരിച്ച് എത്ര വീതമാണെന്ന് അറിയിക്കാമോ;

(ഡി) മേൽപ്പറഞ്ഞ ശുദ്ധജല തടാകങ്ങൾ കയ്യേറി നികത്തി കൃഷി നടത്തുന്നതും കെട്ടിട നിർമ്മാണം നടത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരം കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ ബന്ധപ്പെട്ട റവന്യൂ അധികാരികളോട് ഉടനടി നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

അനധികൃത മണലൂറ്റ് തടയുന്നതിന് നടപടികൾ

105 [1320] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത മണലൂറ്റ് തടയുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തടസ്സം നീക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മണൽ വാരുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള പാസ്സുകൾ വിതരണം ചെയ്യുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്കൊപ്പം മറ്റേതെങ്കിലും സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ജില്ലാ വിദഗ്ധ സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) നദികൾ കടലിനോട് ചേരുന്ന പ്രദേശങ്ങളിൽ നിന്നും മണൽ വാരുന്നതിന് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം ഏതെങ്കിലും പ്രദേശങ്ങളിൽ നിന്നും മണൽ വാരുന്നതായി പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പ്രദേശങ്ങളിൽ നിന്നും മണൽവാരുന്നതിന് അനുവാദം നൽകുന്നതിനുള്ള അധികാരം ആരിൽ നിക്ഷിപ്തമാണെന്ന് അറിയിക്കുമോ;

(എഫ്) റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് ഇതിനകം എത്ര തുക ലഭിച്ചിട്ടുണ്ട് എന്നും പ്രസ്തുത തുക ഏത് കാര്യത്തിനായാണ് ഇതുവരെ വിനിയോഗിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചുവരുന്നു.

മണൽ വാരുന്നതിന് നിയന്ത്രണം ഏർപ്പെടുത്താൻ നടപടി

106 [1321] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം നദികളിലാണ് മണൽ വാരുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതു വർഷം മുതലാണ് ഇത്തരം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) നിയന്ത്രണം ഏർപ്പെടുത്തുന്നതിന് മുമ്പ് മണൽ വാരുന്നതിലൂടെ സർക്കാരിന് ഓരോ വർഷവും എന്തു തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നിയന്ത്രണം ഏർപ്പെടുത്തിയതിനു ശേഷം ഓരോ വർഷവും എന്തു തുക ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) ബന്ധപ്പെട്ട പഠന ഏജൻസികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിശ്ചിത അളവിൽ മണൽ വാരുവാനും ആയത് കരാർക്കാരെ ഏൽപ്പിച്ച് ലേലാടിസ്ഥാനത്തിൽ വാരുന്നതിനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly